**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.19** **02.03.2020-ൽ മറുപടിക്ക്**

## സർവ്വീസ് സംഘടനകൾ

**ചോദ്യം**
**ശ്രീ.വി.ജോയി**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ എത്ര സർവ്വീസ് സംഘടനകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്നും സർവീസ് സംഘടനകൾക്ക് അംഗീകാരം നൽകിവരുന്നത്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ള അംഗീകൃത സർവ്വീസ് സംഘടനകളുടെ പട്ടികയിൽ 312 സംഘടനകൾ ഉൾപ്പെട്ടിട്ടുള്ളതായും അതിൽ 5 സംഘടനകളുടെ അംഗീകാരം റദ്ദാക്കിയിട്ടുള്ളതായും കാണുന്നു. |
| (ബി) | പ്രസ്തുത സംഘടനകൾ പ്രവർത്തിക്കുന്നതിന് സർക്കാർ നിഷ്കർഷിച്ചിട്ടുളള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആക്ഷേപങ്ങൾ ലഭിക്കുന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | സർക്കാർ ജീവനക്കാരുടെ വകുപ്പ് തിരിച്ചുള്ളസംഘടനകൾ (കാറ്റഗറി സംഘടനകൾ) എത്രയെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | വിവരം ശേഖരിച്ചു നൽകുന്നതാണ് |
| (ഡി) | കാറ്റഗറി സംഘടനകൾ യഥാസമയം വരവ് ചെലവ് കണക്കുകൾ സർക്കാരിനെ അറിയിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**